**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1363 07/06/2018-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയ ശേഷം പ്രസ്തുത പദ്ധതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പൊതുവിദ്യാലയങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. 2018-19 വർഷം പദ്ധതിയുടെ സംസ്ഥാനതലത്തിലുള്ള അവലോകനം നടത്തിയിട്ടില്ല |
| (ബി) | പുതിയ അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലും ഓഫീസുകളിലും പൊതുപരിപാടികൾ നടക്കുന്ന വേളകളിലും ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശം പുതിയ അദ്ധ്യയന വർഷത്തിലും നൽകുന്നതാണ്. |
| (സി) | പഠനത്തോടൊപ്പം പ്രകൃതി സംരക്ഷണം നിലനിർത്തുന്നതിനുള്ള ഉദ്യമത്തിൽ പങ്കാളികളാകുന്നതിനും പുതുതലമുറയിൽ ഒരു പുതിയ സംസ്കാരം സൃഷ്ടിക്കുന്നതിനും ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | പ്രകൃതി സംരക്ഷണത്തിനായി 'ജൈവ വൈവിധ്യ ഉദ്യാനം വിദ്യാലയങ്ങളിൽ' എന്ന പദ്ധതി സംസ്ഥാനത്തെ സ്കൂളുകളിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ; | (ഡി) | 2018-19 അദ്ധ്യയന വർഷം സംസ്ഥാനത്തെ 2750 സ്കൂളുകളിൽ 'ജൈവവൈവിധ്യ ഉദ്യാനം' പദ്ധതി നടപ്പിലാക്കുന്നതിന് 300 ലക്ഷം (മുന്നൂറ് ലക്ഷം രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷം ടി പദ്ധതി 1200 സ്കൂളുകളിൽ നടപ്പാക്കിയിരുന്നു. |

Reena

സെക്ഷൻ ഓഫീസർ.